File No.DT/40650/2018-G2

''ഭരണഭാഷ-മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ.DT/40650/2018-G2

തൊഴിൽ ഭവൻ , തിരുവനന്തപുരം

തീയതി: 06-12-2018

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -മികവിന്റെ കേന്ദ്രം- ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ്- സെപ്റ്റംബർ 2018 - റീ-കൗണ്ടിംഗിനുളള അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച് -

***************

2018 സെപ്റ്റംബർ മാസം നടന്ന സി.ഒ.ഇ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജിനിൽ ചെലാൻ രസീത് സഹിതം 13-12-2018 ന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർ(ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ .15-12-2018 3 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റ വിഷയത്തിന് ഓരോ മോഡ്യൂളിനും 25 /- രൂപയും, വിജയിച്ച വിഷയത്തിന് ഓരോ മോഡ്യൂളിനും 55 /- രൂപ വീതവുമാണ്. റീകൗണ്ടിംഗിനുവേണ്ടി '0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊളളിച്ചിട്ടില്ലാത്തതോ, അവസാന തിയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ജനുവരി 2019 -ൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് (സി.ഒ.ഇ) അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

പകർപ്പ്:- എല്ലാ ഐ ടി മാർക്കും ,സി.ഒ.ഇ ഐ.ടി.ഐ
പ്രിൻസിപ്പാൾമാർക്കുംതുടർനടപടികൾക്കായി

File No.DT/40650/2018-G2

## സി.ഒ.ഇ ട്രേഡ് ടെസ്റ്റ് സെപ്റ്റംബർ 2018

## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെപേരുംതപാൽവിലാസവും:
(പിൻകോഡ് സഹിതം)

2. ട്രേഡ് :

3. റോൾ നമ്പർ :

4. ഐ.ടി.ഐ./ഐ.ടി.സി.യുടെ പേര് :

5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:

6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് : 1.
സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 2.
: 3.

7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ

8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

ചെലാൻ നമ്പർ :
തീയതി :
തുക :
ട്രഷറിയുടെ പേര് :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

File No.DT/40650/2018-G2

**പ്രതിജ്ഞ**

.................................................................എന്ന ട്രെയിനി 2018 സെപ്റ്റംബർ സി.ഒ.ഇ.ട്രേഡ് ടെസ്റ്റിൽ ..................................................................... ഐ.റ്റി.ഐ.യിൽ നിന്നും ..............................................................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഐ.ടി.ഐ. പ്രിൻസിപ്പാൾ
(ഓഫീസ് മുദ്ര)

സ്ഥലം :
തീയതി :